വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കല്ലറ സ്കൂളിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പലപ്രാവശ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ആദ്യം കോൺട്രാക്ട് എടുത്ത കോൺട്രാക്ടർ പണിപൂർത്തിയാക്കാൻ സന്നദ്ധത പ്രകടിപ്പിക്കാത്തതുകൊണ്ടുണ്ടായ സാങ്കേതിക തടസ്സങ്ങളാണ്. എങ്കിലും പൊതുമരാമത്തുവകുപ്പുമായി ആലോചിച്ച് ഈ ജോലി അടിയന്തിമായി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(14) പുതിയ വില്ലേജുകളുടെ രൂപീകരണത്തിലുള്ള അപാകതകൾ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നിലവിലുള്ള വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചതിൽ ധാരാളം അപാകതകളുണ്ടായിട്ടുണ്ട്. ജനങ്ങളുടെ സൗകര്യമോ ഭൂമിശാസ്ത്രപരമായ കിടപ്പോ പരിഗണിക്കാതെയാണ് പല വില്ലേജുകളുടേയും വിഭജനം നടന്നിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇട്ടിവ വില്ലേജിന്റെ വിഭജനംതന്നെ ഇതിന് ഉദാഹരണമാണ്. കിഴക്കും പടിഞ്ഞാറുമായി വേർതിരിഞ്ഞു കിടക്കുന്ന ആ വില്ലേജിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പോ ജനങ്ങളുടെ സൗകര്യമോ നോക്കാതെ അല്ലെങ്കിൽ തെറ്റായ പരിഗണനകളിലൂടെയാണ് വിഭജിച്ചത്. ഇതേ സംബന്ധിച്ചുള്ള നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കളക്ടർ തന്നെ ആ അശാസ്ത്രീയത ചൂണ്ടികാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇതിലെ അപാകത പരിഹരിക്കാനുള്ള നടപടി ഉണ്ടാകണം. അത് കഴിയുന്നില്ലെങ്കിൽ തൊടിയന്നൂർ കേന്ദ്രമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പൊതുവേ ഇങ്ങനെ അശാസ്ത്രീയമായിട്ടാണ് വിഭജനം നടത്തിയതെന്നുള്ള പ്രസ്താവന ശരിയല്ല. ചുരുക്കം ചില പരാതികൾ കിട്ടിയിട്ടുണ്ട്. ഇട്ടിവ വില്ലേജിനെ സംബന്ധിച്ചുള്ള പരാതി ബഹുമാനപ്പെട്ട അംഗവും മറ്റ് അനേകം ആളുകളും എനിക്ക് തന്നിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(15) കാർഷിക വായ്പ തിരിച്ചടയ്ക്കൽ

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇക്കഴിഞ്ഞ കാലവർഷക്കെടുതിയെ തുടർന്ന് നമ്മുടെ സംസ്ഥാനത്തെമ്പാടുമുള്ള നെൽകൃഷി മുഴുവൻ നശിച്ചുപോയിരിക്കുകയാണ്. നെൽകൃഷി മാത്രമല്ല നാണ്യവിളകളും നശിച്ചുപോയിരിക്കുകയാണ്. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ കൃഷിക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കൂനിന്മേൽകുരു എന്നു പറഞ്ഞതുപോലെ ഈ കൃഷിക്കാർ സഹകരണബാങ്കിൽ നിന്നും സഹകരണ സംഘങ്ങളിൽനിന്നും ഏലാവികസന ആഫീസിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ തിരിച്ചടയ്ക്കണമെന്ന് ഡിപ്പാർട്ടുമെന്റ് ഇവരെ നിർബന്ധപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly